**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1499** **19-01-2021 - ൽ മറുപടിയ്ക്ക്**

**വിഷരഹിത പച്ചക്കറി ഉത്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | വിഷരഹിത ഭക്ഷണം ഉറപ്പ് വരുത്തുന്നതിന് വേണ്ടി ജീവനി-നമ്മുടെ കൃഷി -നമ്മുടെ ആരോഗ്യം പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വിഷരഹിതമായ പച്ചക്കറി സംസ്ഥാനമൊട്ടാകെ ലഭ്യമാകുന്നതിന് കൃഷി വകുപ്പ് 'ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിഷരഹിതമായ പച്ചക്കറി സംസ്ഥാനത്താകെ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസത്തിനുളള പദ്ധതി പ്രവർത്തനങ്ങളാണ് ഇതിലൂടെ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതിലേയ്ക്കായി 2020 ജനുവരി ഒന്നു മുതൽ പദ്ധതി നടപ്പിലാക്കാനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. വീട്ടുവളപ്പിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തു പായ്ക്കറ്റുകളും, പച്ചക്കറി തൈകളും ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി വിതരണം ചെയ്തു. വർഷം മുഴുവനും സുരക്ഷിത പച്ചക്കറി വീട്ടുവളപ്പിൽ തന്നെ ലഭിക്കുന്നതിന് കീടരോഗ പ്രതിരോധ ശേഷിയുള്ള നമ്മുടെ പരമ്പരാഗത പച്ചക്കറി ഇനങ്ങളും, ബഹുവർഷ പച്ചക്കറി ഇനങ്ങളും വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹിപ്പിച്ച് വരുന്നു. സുരക്ഷിതമായ പഴങ്ങളും, പച്ചക്കറികളും നഗര/ഗ്രാമ പ്രദേശത്തെ വീട്ടുവളപ്പുകളിൽ കൃഷിചെയ്യുക, ഇതോടൊപ്പം പ്രദർശനത്തോട്ടം എന്ന നിലയിൽ കേരളത്തിലെ എല്ലാ ജില്ല/ ബ്ലോക്ക്/ പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകളിലെ ജനപ്രതിനിധികളുടെ, അംഗീകരിക്കപ്പെട്ടിട്ടുള്ള മാധ്യമ പ്രവർത്തകരുടെ വാസസ്ഥലത്തോ അവർക്കു സ്വീകാര്യമായ മറ്റ് ഇടങ്ങളിലോ, ജൈവ രീതിയിലുള്ള പോഷകപ്രദർശനത്തോട്ടം നടപ്പിലാക്കിയിട്ടുണ്ട്. 'കൃഷി പാഠശാല'-യിലൂടെ വീട്ടമ്മമാർ, യുവജനങ്ങൾ, വിദ്യാർത്ഥികൾ കർഷകത്തൊഴിലാളികൾ ഉപഭോക്താക്കൾ എന്നിവർക്ക് സുരക്ഷിത പച്ചക്കറികളുടെ |

| | | | |
|---|---|---|---|
| | | | ഉപയോഗത്തിന്റെ പ്രധാന്യത്തെക്കുറിച്ചും അതിലൂടെ ആരോഗ്യം കൈവരിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനുമായി പരിശീലന/ബോധവല്ക്കരണ ക്ലാസ്സുകൾ നടപ്പിലാക്കിയിട്ടുണ്ട്. ആരോഗ്യത്തിനായി സുരക്ഷിതവും പോക്ഷക സമൃദ്ധവുമായ ഭക്ഷണം ഉറപ്പ വരുത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കൃഷി വകുപ്പും, ആരോഗ്യ വകുപ്പും സംയുക്തമായി പൊതുജനങ്ങളിൽ ബോധവല്ക്കരണ പരിപാടികൾ നടത്തുകയും ഒരു വ്യക്തിയ്ക്ക് ശരാശരി എല്ലാ പോഷകങ്ങളും ലഭിക്കുവാൻ സ്വീകരിക്കേണ്ട ഭക്ഷണക്രമത്തെക്കുറിച്ച് (ഹെൽത്തി പ്ലേറ്റ്) അവബോധം നൽകിയിട്ടുമുണ്ട്. വിദ്യാലയങ്ങൾ, പൊതു/സ്വകാര്യസ്ഥാപനങ്ങൾ (ജയിൽ വളപ്പുകൾ, പൊലീസ് സ്റ്റേഷൻ, വി.എച്ച്.എസ്.സി./ഐ.ടി.ഐ. കോളേജുകൾ, അംഗവൻവാടി, വയൽ വരമ്പ്) എന്നിവിടങ്ങളിലെ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും സുരക്ഷിത പച്ചക്കറി കൃഷി ചെയ്യുന്നതിനും കൂടുതലായി വിഷരഹിത പച്ചക്കറികൾ ഉല്പദിപ്പിക്കുന്നതിനും ഇതിലൂടെ വിഷരഹിത ഭക്ഷണം ഉറപ്പ വരുത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഉല്പാദനോപാധികളുടെ ലഭ്യത ഉറപ്പവരുത്തുന്നതിനായി ഡിപ്പാർട്ട്മെന്റ് ഫാമുകൾ, 'എ' ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ, ബ്ലോക്ക് ലെവൽ നഴ്സറികൾ, ചെറിയ നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ എന്നിവ മുഖാന്തിരം പച്ചക്കറി തൈകൾ ഉല്പാദിപ്പിച്ച് വിതരണം നടത്തിയിട്ടുമുണ്ട്. മറ്റുല്പാദനോപാധികളായ ജൈവ വളങ്ങൾ, ചെറിയ കാർഷികോപകരണങ്ങൾ, ജൈവകീടനാശിനി തുടങ്ങിയവ ന്യായവിലയ്ക്ക് ഇക്കോ-ഷോപ്പ്, ഹരിത ഗ്രൂപ്പ്, അഗ്രോ സർവ്വീസ് സെന്റർ എന്നിവ മുഖാന്തിരം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട് |
| (ബി) | പച്ചക്കറി കൃഷിയിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; | (ബി) | സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കൃഷി വകുപ്പ് ആവിഷ്കരിച്ച നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിയ്ക്കാവശ്യമായ വിത്തു മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുവാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കുന്നതിനുമായി 2020 ജനുവരി ഒന്നു |

| | | | |
|---|---|---|---|
| | | | മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം നീണ്ടു നിൽക്കുന്ന 'ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം' എന്ന പദ്ധതി പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു. 1. ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം 2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം 3. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി: 4. ജില്ലാ ക്ലസ്റ്റർ വികസനം: 5. മഴമറ നിർമ്മാണം: 6. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം: 7. പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം: 8. കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം: 9. 'ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം' 10. നല്ല കാർഷിക മുറകളും ജൈവകൃഷിയും 11. പി.കെ.വി.വൈ. സമഗ്ര പച്ചക്കറി വികസന പദ്ധതിയ്ക്കുപരി 2020-21 വർഷത്തിൽ 'സുഭിക്ഷ കേരളം' എന്ന പദ്ധതിയിലൂടെയും 7,000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് സഹായവും പ്രോത്സാഹനവും നൽകി വരുന്നു. |
| (സി) | ചെറുകിട പഴം-പച്ചക്കറി ഉല്പാദകരുടെ ഉല്പന്നങ്ങൾ അവരുടെ കുടുംബാവശ്യം കഴിഞ്ഞ് മിച്ചം വരുന്നത് ഒരു പ്ലാറ്റ്ഫോമിൽ സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ചെറുകിട പഴം-പച്ചക്കറി ഉല്പാദകരുടെ ഉല്പന്നങ്ങൾ അവരുടെ കുടുംബാവശ്യം കഴിഞ്ഞ് മിച്ചം വരുന്നത് അതാത് പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ഇക്കോ ഷോപ്പുകൾ വഴി സംഭരിച്ച് പൊതുജനങ്ങൾക്ക് വിഷരഹിതമായ പച്ചക്കറികൾ ലഭ്യമാക്കുന്നു. ഇത് കൂടാതെ കർഷകമിത്ര ആഴ്ച ചന്ത, ക്ലസ്റ്റർ മാർക്കറ്റുകൾ, ബ്ലോക്കു തലത്തിൽ ബി.എൽ.എഫ്.ഒ. മാർക്കറ്റുകൾ എന്നിവകളിലൂടെ സംഭരിക്കുകയും വിറ്റഴിക്കുകയും ചെയ്യുന്നു. ഓണം, വിഷു സീസണുകളിൽ എല്ലാ പഞ്ചായത്തുകളിലും വകുപ്പു തലത്തിൽ 'ഓണസമൃദ്ധി' മാർക്കറ്റുകൾ വഴി കർഷകരുടെ ഉല്പന്നങ്ങൾ മാർക്കറ്റ് നിരക്കിനേക്കാൾ 30% അധികം നൽകി സംഭരിക്കുകയും 10% മാർക്കറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ ഉപഭോക്താക്കൾക്ക് വിൽക്കുകയും ചെയ്യുന്നു. പഴം-പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരുടെ ഉല്പന്നങ്ങൾ ഇടനിലക്കാരില്ലാതെ ഉപഭോക്താക്കളിലേയ്ക്ക് എത്തിയ്ക്കുന്നതിനായി സംസ്ഥാനമൊട്ടാകെ 290 സ്വാശ്രയ കർഷക സമിതികൾ വി.എഫ്.പി.സി.കെ.-യുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്നു. ചെറുകിട പഴം-പച്ചക്കറി |

| | | | |
|---|---|---|---|
| | | | ഉല്പാദകരുടെ ഉൽപ്പന്നങ്ങൾ അവരുടെ കുടുബാവശ്യം കഴിഞ്ഞ് മിച്ചം വരുന്നത് സ്വാശ്രയ കർഷക സമിതികൾ വഴി വിൽക്കുന്നതിന് സാധ്യമാണ്. ഇതിനു പുറമേ, സുരക്ഷിത പഴം-പച്ചക്കറി വിപണനം നടത്തുന്നതിന് കൗൺസിലിന്റെ കീഴിലുള്ള 'തളിർ' റീട്ടെയിൽ ഔട്ട്ടലറ്റുകൾ കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലും കടപ്പാക്കടായിലും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വി.എഫ്.പി.സി.കെ.-യുടെ കീഴിലുള്ള 49 സസ്യ ചില്ലറ വിൽപ്പന ശാലകൾ, റീബിൽഡ് കേരള പദ്ധതിയിൽ കൗൺസിൽ ആരംഭിക്കുന്ന തളിർ ഗ്രീൻ ഇക്കോഷോപ്പ് മോഡൽ ഔ«¸ലെറ്റുകൾ എന്നിവയിലൂടെയും ചെറുകിട പഴം-പച്ചക്കറി ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. കർഷകമിത്രകൾ വഴി ഗ്രാമപ്രദേശങ്ങളിൽ കർഷകരെ സന്ദർശിച്ച് അവർ ഉൽപ്പാദിപ്പിക്കുന്നതും അധികം വരുന്നതുമായ പഴം പച്ചക്കറികൾ നേരിൽ സംഭരിച്ച് വിലയുടെ 50% സംഭരിക്കുന്ന സമയം കർഷകർക്ക് നൽകുകയും ബാക്കി തുക വിറ്റഴിക്കുന്ന മുറയ്ക്ക് കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. കർഷകർക്ക് വിപണി വില ഉടൻ ലഭ്യമാക്കാനും അധികം വരുന്ന കാർഷിക ഉല്പന്നങ്ങൾ വിപണി വഴി കാലതാമസം കൂടാതെ വിറ്റഴിക്കാനും സഹായിക്കുന്നു |

സെക്ഷൻ ഓഫീസർ